# എം. ജി. എം. യു. പി. എസ്.
## തൊട്ടിക്കാനം

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - 2026

# ആമുഖം

പരിശുദ്ധ പരുമല തിരുമേനിയുടെ നാമത്തിൽ കാലം ചെയ്ത മോസ്റ്റ് റവ. ഫിലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തയാൽ 1976-ൽ ഈ വിദ്യാലയം സ്ഥാപിതമായി. അറിവിന്റെ പൊൻകിരണം അനസ്യൂതം വർഷിച്ചുകൊണ്ട് നിലകൊള്ളുന്ന ഈ കലാലയത്തിന്റെ ഇപ്പോഴത്തെ മാനേജർ മലങ്കര ഓർത്തഡോക്സ് സഭയുടെ അങ്കമാലി ഭദ്രാസനാധിപനായ അഭിവന്ദ്യ യൂഹാനോൻ മാർ പോളിക്കാർപ്പോസ് തിരുമേനിയാണ്.

ഇടുക്കി ജില്ലയിലെ ശാന്തൻപാറ പഞ്ചായത്തിൽ IX - 10 വാർഡിൽ ആണ് ഈ വിദ്യാലയം നിലകൊള്ളുന്നത്. പേത്തൊട്ടി, ശാന്തൻപാറ, ചേരിയാർ, കാന്തി, വട്ടപ്പാറ, സേനാപതി, കള്ളിപ്പാറച്ചാൽ, കുരുവിളാസിറ്റി തുടങ്ങിയ മേഖലകളിൽ നിന്നുള്ള കുട്ടികൾ ഈ സ്കൂളിൽ പഠിക്കുന്നു.

മുഴുവൻ വിദ്യാർത്ഥികൾക്കും ഇഷ്ടത്തിൽ ഉയർന്ന ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നു എന്ന ലക്ഷ്യത്തോടെ നടത്തിവരുന്ന സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി കാര്യക്ഷമമാക്കുവാൻ ആവശ്യമായ പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്.

കുട്ടികളുടെ സർവ്വതോന്മുഖമായ കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തന പദ്ധതികളാണ് ഇവിടെ ആവിഷ്കരിച്ചിരിക്കുന്നത്.
7 വർഷത്തിനപ്പുറം ഈ സ്ഥാപനത്തിൽ നിന്നും പഠനം നടത്തി പുറത്തു വരുന്ന കുട്ടികളിൽ ആശയ ധാരണകളിലും ശേഷികളിലുമുള്ള വികാസം, കുട്ടിയുടെ മൂല്യങ്ങളിലും മനോഭാവങ്ങളിലുമുണ്ടാകുന്ന മാറ്റം, വിവിധ ഭാഷകൾ അനായാസം ആശയ വിനിമയത്തിനുപയോഗിക്കുവാൻ കഴിയും വിധം കുട്ടിയിലുണ്ടാകുന്ന ജ്ഞാനവിന്യാസം, തങ്ങളുടെ അഭിരുചിക്കനുസരിച്ച് ഏറ്റവും മികവാർന്ന രീതിയിൽ സ്വതസിദ്ധമായ കഴിവുകളുടെ പ്രകടനം, എന്നീ മാറ്റങ്ങൾ ഈ മാസ്റ്റർപ്ലാൻ ലക്ഷ്യമിടുന്നു.

കുട്ടികളിൽ വികസിക്കേണ്ട പൊതു ധാരണകൾ എന്ന വിഷയത്തിൽ 3/6/2025 മുതൽ 13/6/2025 വരെ വിവിധ തീമുകളെ ആസ്പദമാക്കി നടത്തിയ പ്രവർത്തനങ്ങളുടെ മൊഡ്യൂളുകൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## ലക്ഷ്യങ്ങൾ

1. മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ നിന്നും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.

2. അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.

3. എൽ.കെ.ജി. മുതൽ ഏഴാം ക്ലാസ് വരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടർ രൂപപ്പെടുത്തുക.

4. അധ്യാപനവും അധ്യയനവും സർഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

കുട്ടികളിൽ വികസിക്കേണ്ട പൊതുധാരണകൾ
3/6/2025 മുതൽ 13/6/2025 വരെ

## മൊഡ്യൂളുകൾ

3/6/2025

എൽ. പി.

വിദ്യാലയത്തിലെ ഒന്നാം ദിവസം എല്ലാ കുട്ടികൾക്കും സ്കൂളിനെ അറിയാനും അന്യോന്യം അറിയുവാനും അവസരം ഒരുക്കണം.

* കൂട്ടുകാരെ പരിചയപ്പെടൽ
* അവധിക്കാല അനുഭവം പങ്കുവയ്ക്കൽ
* സ്കൂളിനെ അറിയൽ

യു. പി.

മയക്കുമരുന്ന്/ലഹരി ഉപയോഗത്തിനെതിരെ.

മയക്കുമരുന്ന്/ലഹരി എന്നിവ ഉപയോഗിക്കില്ല എന്ന നിലപാട് കുട്ടികളിൽ ഉണ്ടാവാൻ ആവശ്യമായ ധാരണകൾ രൂപപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ

* ചർച്ച
* സെമിനാർ
* നാടകം.

4/6/2025

റോഡിലൂടെ സഞ്ചാരം, റെയിൽ മുറിച്ചു കടക്കുമ്പോൾ ജലയാത്ര ഉപയോഗം, സ്കൂൾ വാഹന ഉപയോഗം എന്നിവയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.

എൽ.പി.

* റോഡിലൂടെ യാത്ര ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ
* മോക്ക് ഡ്രിൽ
* സ്കൂൾ വാഹനത്തിൽ യാത്ര ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, പാലിക്കേണ്ട രീതികൾ.
* റെയിൽ ട്രാക്കുകൾ മുറിച്ചുകടക്കുമ്പോൾ /സിഗ്നലുകൾ എന്നിവ സംബന്ധിച്ച് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.

യു.പി.

* എല്ലാ ഗതാഗത സംവിധാനങ്ങളിലും യാത്ര ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ചർച്ച.
* മോക്ക്ഡ്രിൽ
* ചർച്ച.
* അനുഭവം പങ്കുവയ്ക്കൽ.

5/6/2025 -
വ്യക്തിശുചിത്വം, പരിസരശുചിത്വം, ഹരിതാഭമാർന്ന സ്കൂൾ സൗന്ദര്യവൽക്കരണം.

എൽ.പി.

* ശുചിത്വവുമായി ബന്ധപ്പെട്ട ഒരു പാട്ട്.
* സർവ്വേ ഫോറം പൂർത്തിയാക്കി ക്ലാസ് സർവേ നടത്തുക.
* പ്രകൃതി നടത്തം.
* വിദ്യാലയത്തെ ഹരിതാഭമാക്കി മാറ്റുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നു.
* ചർച്ച.

യു.പി.

* വ്യക്തിശുചിത്വം, പരിസരശുചിത്വം എന്നിവയെ തീമായി എടുത്ത് സ്കിറ്റുകൾ കുട്ടികൾ അവതരിപ്പിക്കുന്നു
* സ്കൂൾ സൗന്ദര്യവത്കരണ പ്രവർത്തനങ്ങൾ

9/6/2025

പൊതു ആരോഗ്യം.

* പോഷണം
* ശുചിത്വം.
* വ്യായാമം.
* നല്ല ഉറക്കശീലം.
* മനസ്സിന്റെ സന്തോഷം.
* ആരോഗ്യ മര്യാദകൾ.

10/6/25

ഡിജിറ്റൽ അച്ചടക്കം.

എൽ.പി.

* സംവാദം.
* ചിത്രരചന
* പോസ്റ്റർ നിർമ്മാണം.
* കഥാരചന

യു.പി.

സംവാദങ്ങൾ
* കുറിപ്പ് തയ്യാറാക്കൽ
* അനുഭവം പങ്കുവയ്ക്കൽ.

11/6/2025

പൊതുമുതൽ സംരക്ഷണം.

എൽ. പി.

* സംവാദം
* ചർച്ച.
* ചിത്രരചന.

യു. പി.

കുറിപ്പ് തയ്യാറാക്കൽ,
ഉപന്യാസം തയ്യാറാക്കൽ,
കഥാരചന.

12/6/25

പരസ്പര സഹകരണത്തിന്റെ പ്രാധാന്യം.

L.P

* ഡൈനിംഗ് സമയം.
* ബസ് യാത്ര.
* കുടുംബശ്രീ കടയിൽ പോയത്
തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട റോൾപ്ലേ.

U.P

* അനുഭവങ്ങൾ പങ്കുവയ്ക്കൽ
* ക്ലാസ് നേതൃത്വങ്ങളുടെ അടിസ്ഥാനത്തിൽ സംവാദം.

13/6/25

പൊതു ക്രോഡീകരണം.

3/6/25 മുതൽ 13/6/25 വരെ വിവിധ തീമുകളെ ആസ്പദമാക്കി നടന്ന പ്രവർത്തനങ്ങൾ വഴി കുട്ടികളിൽ ഉണ്ടാകുന്ന ധാരണകളുടെ പൊതു ക്രോഡീകരണം നടത്തുന്നു. ഈ ക്രോഡീകരണങ്ങളുടെ അടിസ്ഥാനത്തിൽ പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തി പ്രവർത്തനങ്ങൾ വിഭാവനം ചെയ്യുന്നു.

# ഭാഷ (LP തലം)

| ലക്ഷ്യങ്ങൾ | പഠനപ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തി |
|---|---|---|---|---|
| ഭാഷാപരമായി പിന്നോക്കം വന്നു പരിഹരിക്കൽ<br>വാചികമായി അവതരിപ്പിക്കൽ | * ചുറ്റുപാടിനെ അറിയാൻ വീട്, പരിസരം, സ്കൂൾ, വാചികമായി അവതരിപ്പിക്കൽ<br>* സംഭാഷണ പ്രവർത്തനങ്ങൾ<br>* ഇഷ്ടമുള്ള കാര്യങ്ങളെക്കുറിച്ച് പറയൽ<br>* കഥ പറയൽ (ചിത്രം നോക്കി)<br>* കവിത ചൊല്ലൽ | ജൂൺ ആദ്യവാരം | P.T.A<br>രക്ഷിതാവ്<br>അധ്യാപകൻ | |
| സ്വായത്തമാക്കിയ അക്ഷരങ്ങൾ, ചിഹ്നങ്ങൾ, എന്നിവ ഉപയോഗിച്ച് പദങ്ങൾ വാക്യങ്ങൾ എന്നിവ എഴുതുന്നതിന് | • അക്ഷരകാർഡുകൾ പദകാർഡുകൾ - വായന<br>* അക്ഷരങ്ങൾ ചേർത്തുവച്ച് പദങ്ങൾ നിർമ്മിക്കൽ<br>പദകേളി -<br>പന - നര - രസം - സാരി:<br>രവി - വല - ലത<br>* ചിത്രങ്ങൾ ഒട്ടിക്കുന്ന | ജൂൺ രണ്ടാം വാരം മുതൽ ജൂലൈ | അധ്യാപകൻ<br>രക്ഷിതാവ് | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമഗ്രികൾ |
|---|---|---|---|---|
| | ഓരോ ചിഹ്നങ്ങളും ചേർന്നു വരുന്ന പദങ്ങൾ നിർമ്മിക്കൽ<br>ചെറുവാക്യങ്ങൾ നിർമ്മിക്കൽ<br>* എഴുത്തിനുള്ള പ്രവർത്തനങ്ങൾ നൽകൽ<br>* വരികൾ കൂട്ടിച്ചേർത്ത് കവിത രചിക്കൽ<br>* ചിത്രം നോക്കി കഥ പറയുന്നു ചെറുവാക്യങ്ങളിലെഴുതുന്നു. | | ക്ലാസ് ടീച്ചർ രക്ഷിതാവ് | |
| അക്ഷരങ്ങളും ഉച്ചാരണം തിരിച്ചറിഞ്ഞ് ഉറക്കെ വായിക്കുന്നു. | * പാഠപുസ്തക വായന<br>* പാഠത്തിൽ നിന്ന് വാക്കുകൾ തിരിച്ചറിഞ്ഞ് വായിക്കൽ<br>* ചെറുകഥകൾ വായിക്കൽ<br>* വായനാക്കാർഡ് വായന<br>* കുട്ടിക്കവിതകൾ വായിക്കുന്നു. | വർഷാവ സം. വരെ | ക്ലാസ് ടീച്ചർ രക്ഷിതാവ് | |

| | | | | |
|---|---|---|---|---|
| പാഠങ്ങൾ, വാക്യങ്ങൾ, ചെറുവിവരണം എന്നിവ വായിക്കുകയും ആശയം കണ്ടെത്തി പ്രയോഗിക്കുകയും ചെയ്യുന്നു. | * പത്രവാർത്ത (ക്ലാസ്/അസംബ്ലി) വായന<br>* ക്ലാസ് ലൈബ്രറി ഒരുക്കൽ<br>* വായനാക്കുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കൽ<br>* ബാലസാഹിത്യ പ്രസിദ്ധീകരണങ്ങൾ, കുട്ടികളുടെ തന്നെ പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി വായനക്ക് അവസരം കൊടുക്കൽ | അധ്യാപകർ SRG | | |
| സ്വന്തം ആശയങ്ങൾ ചെറു വാക്യങ്ങളിൽ എഴുതുന്നു. | * ഡയറിക്കുറിപ്പ് തയ്യാറാക്കൽ<br>* യാത്രാവിവരണം തയ്യാറാക്കുന്നു<br>* സംഭാഷണം തയ്യാറാക്കൽ<br>* വരികൾ കൂട്ടിച്ചേർക്കൽ<br>* വിവരണം, കത്ത്<br>* കഥ പൂർത്തിയാക്കൽ | ആഗസ്റ്റ് മുതൽ ഫെബ്രുവരി വരെ | | |

# ഗണിതം
# മധുരം

# ഗണിതം

## ആമുഖം

ഗണിതശാസ്ത്രപഠനത്തിൽ പ്രധാനമായും ഊന്നൽ നൽകുന്നത് വസ്തുതകളെ സംഖ്യകളുപയോഗിച്ച് അപഗ്രഥിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുക എന്നതിനാണ്. ഗണിത ശാസ്ത്ര പഠനത്തിൽ പ്രധാനമായും ഊന്നൽ നൽകുന്നത്. ഗണിതശാസ്ത്രപഠനം ചിന്തയെ തെളിമയുള്ളതാക്കുകയും വസ്തുതകളെ ശാസ്ത്രീയമായി അപഗ്രഥിക്കുന്നതിന് സഹായിക്കുകയും ചെയ്യുന്നു.

## ലക്ഷ്യങ്ങൾ

* ഗണിതം ആസ്വദിക്കാൻ കഴിയുന്ന തരത്തിലേക്ക് കുട്ടിയെ വളർത്തുവാൻ കഴിയണം.

* ഗണിത പഠനത്തിലൂടെ സർഗാത്മ ചിന്ത വളർത്തുക.

* ഗണിത പഠനത്തിൽ ICT സാധ്യതകൾ ഉൾപ്പെടുത്തുക.

* ഗണിതം ആസ്വദിക്കാൻ കഴിയുന്ന തരത്തിലേക്ക് കുട്ടിയെ വളർത്താൻ കഴിയണം.

* ഗണിത പഠനത്തിൽ താത്പര്യം ഉളവാക്കുക.

* ഗണിത പഠനം അനായാസമാക്കുക.

* കുട്ടികളിൽ സംഖ്യാബോധം വളർത്താൻ

* നിത്യജീവിതവുമായി ബന്ധപ്പെട്ട ആശയങ്ങൾ ലഘൂകരിക്കുന്നതിന്.

* പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന്

* വിവിധ രൂപങ്ങളെ തിരിച്ചറിയൽ ആകൃതി, വലിപ്പം എന്നിവയെ താരതമ്യം ചെയ്യൽ.

* പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കാൻ. വ്യത്യസ്തരീതിയിൽ പ്രയോജനപ്പെടുത്തൽ.

| പ്രവർത്തനത്തിന്റെ പേര് | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| * കുട്ടിയെ അറിയാം. | പ്രീ ടെസ്റ്റ് അവലോകനം പ്രവർത്തനങ്ങൾ ആസൂത്രണം. | ജൂൺ | SRG. |
| * സംഖ്യകൾ കൂട്ടുകൾ ഗണിതപെട്ടി നിർമിക്കാം. | * സംഖ്യാകാർഡ് നിർമ്മാണം. *ഗണിതകേളികൾ കൂട്ടങ്ങളാക്കാം | ജൂലൈ | Teachers |
| * സംഖ്യാചക്രം | * നമ്പർ ചാർട്ട് * സംഖ്യകളുടെ വലിപ്പം തിരിച്ചറിയുന്നു. * സംഖ്യകൾ തിരിച്ചറിയുന്നു. * സംഖ്യകൾ എഴുതുന്നു | ആഗസ്റ്റ്. | Teachers |

| | | | |
|---|---|---|---|
| * കണ്ടെത്താം എഴുതാം | * സംഖ്യാ പൂർണ്ണം<br>* പസ്സിൽ<br>* ഗണിത കേളികൾ<br>* മാന്ത്രിക ചതുരം | സെപ്തംബർ | Teacher |
| * ഗണിക്കാം കളിക്കാം | * ഗുണന പട്ടിക<br>* ഗണിത കേളികൾ<br>(പ്രത്യേകത കണ്ടെത്താം) | ഒക്ടോബർ<br>നവംബർ | Teachers |
| * പ്രശ്നാപഗ്രഥനം | * വിലവിവരപ്പട്ടിക<br>* കച്ചവടക്കളി.<br>(പ്രായോഗിക പ്രശ്നങ്ങളിൽ ഏർപ്പെടൽ) | ഡിസംബർ & ജനുവരി | Teachers |
| * ഗണിതം ലളിതം | * ഗണിതോത്പന്നങ്ങളുടെ പ്രദർശനം. | ഫെബ്രുവരി | Teachers |

# ENGLISH

## AIM

- To develop listening skills and reading skills.
- Read and Comprehend simple stories, songs and Conversational pieces.
- Add their own lines to a given songs.
- write descriptions, thoughts and dialoguse.
- To Speak, read and write English without any mistake.
- use simple English answering interaction questions.
- understand the musical / rhythmic features of language.

| Learning outcomes | Activities | Period |
|---|---|---|
| * Comprehends and enjoy simple stories and poem. | • Stories<br>• Songs<br>• Conversations. | June. |
| * Identify and describe the personal things acting their physical features, number, abilities etc. | • Chart containing names of birds, animals, hobbies, household things etc. | June. |
| * Understand the structure of simple sentences. | • Conversations<br>• Make simple sentence<br>• Riddles of birds and animals.<br>• Self Introduction. | July. |
| * Sing the song with rhythm and intonation | • Chart containing the song. | August. |
| * write a description based on their experience. | • Descriptions written in Pupa. | |

| | | |
|---|---|---|
| • Reproduce the visual experience in the form of a description. | • Pictures of animals and birds.<br>• Picture of ants. | |
| * Engage in creative activities. | • Paper pieces (clay)<br>• Origami. | August. |
| * Describe things orally and in writing | • Oral description. | |
| * To develop speaking skill from I to IV | • what I like<br>• My self<br>• Games<br>• who am I ?<br>• use of ICT (rhymes, stories) | September. |
| * | • Class room manners<br>• Positive behaviour.<br>• Days of the week.<br>• Birth month. | October. |
| | • Magic words<br>• Readers Theatre<br>• Greetings | November. |

# മേഖല യു.പി മലയാളം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| 1. കുട്ടികളുടെ അടിസ്ഥാന ശേഷി വികസനം.<br>ചങ്ങാത്തം വളർത്താനും അതുവഴി ആശയ സംവേദനം സുഗമമാക്കാനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം**<br>പഠിതാക്കൾ അവധിക്കാലത്തെ അവരുടെ വ്യത്യസ്തങ്ങളായ അനുഭവങ്ങൾ കഥ, ലേഖനം, കവിത, യാത്രാക്കുറിപ്പ്, അനുഭവക്കുറിപ്പ്, തന്റെ നിത്യവ്യവഹാരരൂപങ്ങളിലൂടെ അവതരിപ്പിക്കുന്നു. അവസരം നൽകുന്നു.<br>ഓരോരുത്തരുടെയും അനുഭവക്കുറിപ്പുകൾ ചുമരിൽ അന്തരീക്ഷം കുട്ടികൾ ഉണ്ടാകുന്നു. വായനാ താൽപര്യം കൂടുന്നു. സർഗാത്മകതയ്ക്ക് വഴിയൊരുക്കുന്നു.<br>**ഭാഷാക്ലാസ്**<br>അക്ഷരങ്ങളും പദങ്ങളും | ജൂൺ | മലയാളം അധ്യാപകർ | |

| ഘട്ടം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | ആവർത്തിച്ചുവരുന്ന വർണ്ണങ്ങൾ ഉപയോഗിച്ച് വായനാശുദ്ധി, അക്ഷരശുദ്ധി, ആസ്വാദനം എന്നിവ കുട്ടികളിൽ വരുന്നു. വാക്കുകളിൽ നിന്ന് വാക്യത്തിലേക്കുള്ള പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം നടക്കുന്നു. | | | |
| 2. ചിത്രങ്ങളിൽ അർത്ഥം പൂർണ്ണ വായന ഉറപ്പാക്കുന്നു. | **വാർത്താലോകം**<br>ക്ലാസിൽ കുട്ടികൾക്കായി വായനാമൂല സജ്ജീകരിക്കുന്നു. അവരുടെ വായനയുടെ നിലവാരത്തിനനുസരിച്ച് മാസികകൾ പ്രസിദ്ധീകരണങ്ങൾ ലഭ്യമാക്കുന്നു.<br>പത്രം കുട്ടികളുടെ വിവിധ പ്രസിദ്ധീകരണങ്ങൾ ആഴ്ചപ്പതിപ്പുകൾ, കാർട്ടൂണുകൾ, കഥകൾ എന്നിവ വായിക്കുന്നതു വഴി ഇതിനാന്നേ അറിയുന്നതും, ഉച്ചാരണശുദ്ധി പരിശീലിപ്പിക്കുന്നു. | ജൂൺ - ജൂലൈ മുതൽ എല്ലാദിവസവും | മലയാളം അധ്യാപകർ | |

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **വാർത്താവായന**<br>ദൃശ്യമാധ്യമങ്ങളുടെ സഹായത്താൽ (ICT) സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികൾക്ക് വായിക്കാനുള്ള അവസരം നൽകുന്നു. ക്ലാസ് അടിസ്ഥാനത്തിൽ വായനാമത്സരം, ക്വിസ് മത്സരം നടത്തുന്നു. | ദിവസം തോറും | മലയാളം ക്ലബ്ബ് | |
| 3) സാഹിത്യകൃതികളെയും സാഹിത്യകാരൻമാരെയും അടുത്തറിയുന്നതിനുള്ള അവസരത്തിലൂടെ സർഗ്ഗാത്മകത വളർത്താൻ. | **സംവാദം, അഭിമുഖം.**<br>സാഹിത്യകാരൻമാർ, എഴുത്തുകാർ, കലാകാരൻമാർ എന്നിവരുമായി അഭിമുഖസംഭാഷണം, സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ 2 പ്രാവശ്യം | H.M മലയാളം അധ്യാപകർ | PTA |
| 4) മലയാളം കമ്പ്യൂട്ടിംഗ് പരിജ്ഞാനങ്ങളും സർഗ്ഗാത്മകത വളർത്തലും. | **ഇ. കമ്പ്യൂട്ടിംഗ്.**<br>മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടിംഗ് പരിശീലിപ്പിക്കുന്നു. ഇതിൽ കുട്ടികളുടെ സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | ജൂലൈ വർഷം<br>വർഷാവസാനം. | മലയാളം, IT അധ്യാപകർ<br>മലയാളം അധ്യാപകർ | മലയാളം ക്ലബ്ബ്. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| 5) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | രംഗാവിഷ്കാരം: പാഠഭാഗവുമായി ബന്ധപ്പെട്ട ലഘു നാടകങ്ങൾ, ചൊൽകാഴ്ചകൾ തുടങ്ങിയവ അസംബ്ലിയിലും ബാലസഭയിലും അവതരിപ്പിക്കാനവസരം നൽകുന്നു. | അക്കാദമിക വർഷം. | PTA സ്കൂൾ | PTA |
| 6. ബാലസഭയിലെ അഭിനയ മികവ് (അവതരണ മികവ്) | എല്ലാകുട്ടികളെയും ഉൾപ്പെടുത്തി അവർ പാഠഭാഗവുമായി ബന്ധപ്പെട്ട് നേടിയ ശേഷികൾ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | ആഴ്ചയിൽ ഒരുദിവസം. | ക്ലാസ് ലീഡർ സ്കൂൾ ലീഡർ മലയാളം അധ്യാപകർ | വിവിധ ക്ലബ്ബുകൾ. |

UP - English

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | a) Lend your ear :- <br> ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകാൻ കുട്ടിയെ പ്രാപ്തമാക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകൻ | |
| | b) Follow me if you can:- <br> ഇംഗ്ലീഷിൽ നൽകുന്ന നിർദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ - ജൂലൈ | ഇംഗ്ലീഷ് അധ്യാപകൻ | |
| | c) Missing man:- <br> അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപിക | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | |
|---|---|---|---|---|
| | മൂല ഭാഗം ഓരോ കുട്ടികൾക്ക് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു | | | |
| | d) Treasure Hunt:- വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിവിധ അറകളുണ്ടാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്തെന്ന് ഓരോ കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | ആഗസ്റ്റ് | ഇംഗ്ലീഷ് അധ്യാപകൻ | |
| | e) Meet the foreigner:- തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയവിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു. | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകൻ | |
| 2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു. | a) I too can:- വ്യത്യസ്ത തലങ്ങളിലായി വിവിധ വായനാകാർഡുകൾ ക്രമീകരിക്കുന്നു. തെറ്റു കൂടാതെ വായിക്കുവാൻ അവസരം നൽകുന്നു | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| | b) <u>FM corner</u>:- വ്യത്യസ്തമായ കഥകൾ റേഡിയോ നാടക രൂപത്തിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകൻ | |
| | c) <u>Reader of the month</u>:- ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകിക്കൊണ്ട് reader of the month നെ ആദരിക്കുന്നു. | മാസംതോറും | ഇംഗ്ലീഷ് അധ്യാപകൻ | |
| 3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | a) <u>My Droplets</u>:- കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ, മിനി ഡിക്ഷ്ണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകൻ | |
| | b) <u>Alert zone</u>:- സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണ വേളയിൽ | ഇംഗ്ലീഷ് അധ്യാപകൻ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| | c) <u>Fun time</u> :- കടം കഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസ്സിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | എല്ലാ ഇംഗ്ലീഷ് പിരിയഡും | ഇംഗ്ലീഷ് അധ്യാപകൻ |
| 4) ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | a) ഇംഗ്ലീഷ് പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി പഠനോത്സവം നടത്തുകയും 5,6,7 ക്ലാസ്സിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികൾ അവതരിപ്പിക്കാൻ അവസരം നൽകുകയും ചെയ്യുന്നു. | അക്കാദമിക വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകൻ ഇംഗ്ലീഷ് ക്ലബ്. |

# അക്കാദമിക മാസ്റ്റർ പ്ലാൻ സംസ്കൃതം UP

**ജൂൺ ജൂലൈ ആഗസ്റ്റ്** : അക്ഷരജ്ഞാനം നേടൽ
വായനാദിനാഘോഷം
പോസ്റ്റർ മേക്കിംഗ്, എല്ലാ മാസവും
യൂണിറ്റ് ടെസ്റ്റുകൾ

**സെപ്തംബർ** :- അധ്യാപകദിനാഘോഷം
സംസ്കൃതദിനാചരണം
പ്രസംഗ പരിശീലനം,
പോസ്റ്റർ നിർമ്മാണം

**ഒക്ടോബർ** : അവ്യയവാക്യപഠനം, യൂണിറ്റ് ടെസ്റ്റുകൾ
നൂതന പദപരിചയം
സംസ്കൃതകലോത്സവപരിശീലനം

**നവംബർ** : കേരളപ്പിറവിദിനാഘോഷം
സംഭാഷണ രചനാ പരിശീലനം.

**ഡിസംബർ** : ക്രിസ്തുമസ് പരീക്ഷാ പരിശീലനം
സമസ്ത പദങ്ങളെ കണ്ടെത്തൽ

**ജനുവരി to മാർച്ച്** : സംസ്കൃത സ്കോളർഷിപ്പ് പരിശീലനം
കയ്യെഴുത്ത് മാസിക പ്രകാശനം
റിപ്പബ്ലിക് ദിന റാലി, മിഡ്ടേം പരീക്ഷകൾ,
സംസ്കൃത ചലച്ചിത്ര പ്രദർശനം.

| | | | കാലം | ചുമതല |
|---|---|---|---|---|
| | 5,6,7 ക്ലാസ് അക്ഷരബോധം ഉറപ്പിക്കൽ<br><br>ഹിന്ദി അധ്യയനം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരമൊരുക്കുക പഠിപ്പിച്ചെടുക്കുക. | പുതിയ പാഠങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട്, സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ |
| 2. | ഹിന്ദിവായന: തെറ്റു കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും. ഒപ്പം ഹിന്ദി ചിത്രകഥകൾ അതിന്റെ സിഡി തന്നു ഹിന്ദിയിൽ ലഭ്യമുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ |

| | | | | |
|---|---|---|---|---|
| 3. | ഹിന്ദി സംസാരം : ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും. നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തും. | ഹിന്ദിയിൽ മാത്രം ഒരു ക്ലാസ്സ് എടുക്കും. കുട്ടികളുടെ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. വായനാ മത്സരം നടത്തും. കൂടുതൽ സമയം തെറ്റില്ലാതെ വായിക്കുന്നവർ വിജയിക്കും | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ |
| 4. | കഥാരചന, കവിതാരചന, പോസ്റ്റർ കുട്ടികളെ മികച്ച എഴുത്തുകാരാക്കുക, ഭാഷ സ്വായത്തമാക്കുക. ആനുകാലിക സംഭവങ്ങൾ ശ്രദ്ധയിൽ പെടുത്തുക, ദിനാചരണങ്ങളെ അറിയുക. | രചനകൾ ക്ലാസ്സിൽ അവതരിപ്പിക്കാനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കുക. ആസ്വാദനത്തിനും അവതരണത്തിനും അവസരം കൊടുക്കുക. ദിനാചരണങ്ങളുടെ വിവരശേഖരണം ക്വിസ് പ്രോഗ്രാമുകൾ എന്നിവ സംഘടിപ്പിക്കുക. | സെപ്തംബർ മുതൽ ഫെബ്രുവരി വരെ പ്രധാനപ്പെട്ട എല്ലാ ദിനങ്ങളും | ഹിന്ദി അധ്യാപകർ |

U.P

ഗണിതം Std: VII

## പ്രവർത്തന ലക്ഷ്യങ്ങൾ

- സമാന്തര വരകളുടെ പ്രത്യേകതകൾ തിരിച്ചറിയൽ.
- രണ്ട് സമാന്തരവരകളെ ഒരു ഛേദകം ഛേദിക്കുമ്പോൾ ഉണ്ടാകുന്ന കോണുകൾ, അവയുടെ പ്രത്യേകതകൾ തിരിച്ചറിയൽ.
- സമകോണുകൾ, ~~ഒ~~ alternate angles, Co-interior angles - - - തിരിച്ചറിയൽ.
- ഭിന്നസംഖ്യകളുടെ ഗുണനം ഹരണം പ്രായോഗിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യൽ
- ത്രികോണ നിർമ്മിതി.
- ദശാംശ സംഖ്യകൾ ഗുണനം, ഹരണം.
- അംശബന്ധം പ്രായോഗിക ജീവിതത്തിൽ.
- വർഗ്ഗ സംഖ്യകൾ. ഗുണനം, ഹരണം.

- ത്രികോണരൂപങ്ങൾ, സമചതുരം, ചതുരം ഇവയുടെ പരപ്പളവ് ധാരണ.
- സമചതുരങ്ങളും സമചതുരസ്തംഭങ്ങളും മട്ടത്രികോണവും പ്രയോഗിച്ച പ്രശ്നങ്ങൾ വിശകലനം ചെയ്യൽ, പൈതഗോറസ് സിദ്ധാന്തം
- ഗണിതത്തിൽ ബീജഗണിത ~~[illegible]~~ ത്തിന്റെ പ്രാധാന്യം.
  ബീജഗണിത വാക്യങ്ങളുടെ രൂപീകരണം.
- നിത്യജീവിതത്തിൽ %ത്തിന്റെ പ്രാധാന്യം.

Std: VII 2 ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| മുന്നറിവ് സമാന്തരവരകളുടെ പ്രത്യേകതകൾ, രണ്ട് സമാന്തരവരകളെ ഒരു വര മുറിച്ചുകടക്കുമ്പോൾ ഉണ്ടാകുന്ന കോണുകളുടെ പ്രത്യേകതകൾ | ഓർമ്മ പുതുക്കൽ<br>കോൺ ജോടികൾ.<br>സമാനകോണുകൾ ഏകാന്തരകോണുകൾ, ആന്തര, ബാഹ്യ സഹകോണുകൾ ഇവയുടെ പ്രത്യേകതകൾ | ജൂൺ. | ഗണിതാധ്യാപകർ |
| ഭിന്നസംഖ്യകൾ ക്രിയകൾ. | മടങ്ങുകളുടെ ഗുണനവും.<br>ഭാഗവും ഗുണനവും.<br>ഭാഗമാക്കൽ.<br>ഭിന്നചരട് | ജൂൺ, ജൂലൈ | ഗണിതാധ്യാപകർ |
| തന്നിരിക്കുന്ന അളവിൽ ത്രികോണം വരയ്ക്കൽ. | അക്ഷരചിത്രം.<br>വരയും കണക്കും<br>ത്രികോണനിർമ്മാണം<br>ജ്യാമിതീയ ചിത്രങ്ങൾ വരയ്ക്കൽ, അളവുകളുടെ പ്രത്യേകത. | ജൂലൈ. | ഗണിതാധ്യാപകർ |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
| --- | --- | --- | --- |
| ഭിന്നസംഖ്യ ഹരണം | ~~ഭാഗ~~ ഭാഗവും മടങ്ങും.<br>ഭിന്ന ഹരണം.<br>മിശ്രഭിന്ന ഹരണം<br>പ്രായോഗിക പ്രശ്നങ്ങൾ<br>അപഗ്രഥനം ഉത്തരം കണ്ടെത്താൻ | ആഗസ്റ്റ് | ഗണിതാധ്യാപകൻ |
| ദശാംശസംഖ്യകൾ ഗുണനം ഹരണം. | ദശാംശ ഗുണന ക്രിയകൾ.<br>ഭാഗങ്ങൾ.<br>ഭിന്നവും ദശാംശവും.<br>ദശാംശ ഹരണം. | സെപ്റ്റംബർ. | ഗണിതാധ്യാപകൻ |
| അംശബന്ധ. പ്രവർത്തനങ്ങൾ | മുന്നറിവ് ചതുരക്കണക്ക്.<br>ഭാഗക്കണക്ക് | സെപ്റ്റംബർ ഒക്ടോബർ | ഗണിതാധ്യാപകൻ |

| ലക്ഷ്യങ്ങൾ.. | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| ഗണിതത്തിൽ ബീജഗണിതം. | - ബീജഗണിത വാക്യങ്ങൾ രൂപീകരണം.<br>- കൂട്ടലും കുറയ്ക്കലും | ഒക്ടോബർ | ഗണിതാധ്യാപകൻ |
| വർഗ സംഖ്യകളുടെ ഗുണനം, ഹരണം | ഭിന്നകൃതികൾ.<br>കൃതികളുടെ ഗുണനം.<br>മടങ്ങും കൃതിയും.<br>ഘടകങ്ങൾ.<br>പൊതുഘടകങ്ങൾ | നവംബർ | |
| ത്രികോണ പരപ്പളവ് കാണൽ | ത്രികോണങ്ങളുടെ പരപ്പളവ്<br>ഭൂസ്ഥലത്തിന്റെ പരപ്പളവ്<br>വിവിധരൂപങ്ങളുടെ പരപ്പളവ് | ഡിസംബർ. | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| ബീജഗണിതാശയങ്ങളുടെ സമഗ്രമായ വികസനം. ഉന്നം | സംഖ്യാ പിരമിഡുകൾ. | ജനുവരി. |
| | മടങ്ങും മിച്ചവും | |
| | കലണ്ടർ പാറ്റേൺ. | |
| | പാറ്റേൺ രൂപീകരണം | ഫെബ്രുവരി |
| | ബീജഗണിതത്തിൽ 2 അക്കസംഖ്യ 3 അക്കസംഖ്യ | മാർച്ച് |

# ഗണിതം - Std V, VI

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | കാലയളവ് |
|---|---|---|---|---|
| 1. വിവിധ രൂപങ്ങൾ തിരിച്ചറിയുന്നു. സവിശേഷതകൾ കണ്ടെത്തി വരയ്ക്കുന്നു. | ജ്യാമിതിയ രൂപങ്ങൾ ഉപയോഗിച്ച് വിവിധ പാറ്റേണുകൾ വരയ്ക്കുന്നു. – നിറം നൽകി ഭംഗിയാക്കുന്നു. തന്നിരിക്കുന്ന ചിത്രപാറ്റേണുകൾ വരയ്ക്കുന്നു. | ജൂൺ | ഗണിത അധ്യാപകർ | |
| • പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു | • ക്ലാസിൽ പ്രദർശനം ഒരുക്കുന്നു. | | | |
| 2. സംഖ്യാബോധം അഞ്ചക്ക സംഖ്യകൾ എഴുതുന്നു വായിക്കുന്നു. | ഒരുലക്ഷത്തിനു മുകളിലുള്ള തുടർച്ചയായ സംഖ്യകൾ എഴുതുന്നു. വായിക്കുന്നു. വലുത്, ചെറുത് കണ്ടെത്തുന്നു. | ജൂൺ | ഗണിത അധ്യാപകർ | |
| | • സ്ഥാനവില കണ്ടെത്തി വായിക്കുന്നു. • 6 അക്കങ്ങൾ ഉപയോഗിച്ച് ആറക്ക സംഖ്യകളെഴുതുന്നു. • സംഖ്യാകാർഡുകൾ | ജൂലൈ | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 3. ചതുഷ്ക്രിയകൾ സങ്കലനം, വ്യവകലനം ഗുണനം. ഹരണം. | . അഞ്ചക്ക, ആറക്കസംഖ്യകളുടെ സങ്കലനം-വ്യവകലനം -<br>. പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു.<br>. സംഖ്യാ പമ്പരം<br>. ഉദസൂര്യൻ.<br>– ഗുണനപട്ടിക ഉണ്ടാക്കിയുറപ്പിക്കൽ - ചാർട്ട്<br>. സംഖ്യാ പിരമിഡ്.<br>– ചതുരഗുണനം.<br>– ചതുരഹരണം<br>– പത്തിന്റെ ഗു. ഒന്നിന്റെ വരം കൂട്ടങ്ങളാക്കി ഉള്ള പദ്ധതിയിൽ ഗുണനം, ഹരണം. | ജൂലൈ മുതൽ ജനുവരി<br>ആഗസ്റ്റ്<br>സെപ്റ്റംബർ | ഗണിതാധ്യാപകർ | |
| 4. ഭിന്നസംഖ്യകൾ, സമാനഭിന്നങ്ങൾ | . വൃത്തരൂപങ്ങളെ ചതുരരൂപങ്ങളെ ഒരു തുല്യമായി ഭാഗിച്ച് ഭിന്നസംഖ്യ കണ്ടെത്തുന്നു<br>. ഫ്രാക്ഷൻ ഡിസ്ക്. | സെപ്റ്റംബർ<br>ഒക്ടോബർ | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 5. അളവുകൾ സമയം. | • നീളം അളക്കുന്നതിനുള്ള വ്യത്യസ്ത തരം അളവുകൾ ഒരളവിൽനിന്ന് വേറൊരു അളവിലേക്ക് മാറ്റുന്നു (വ്യത്യാസം കണ്ടെത്തുന്നു). മില്ലിമീറ്റർ, സെന്റിമീറ്റർ, മീറ്റർ, കിലോമീറ്റർ. • വർക്ക്ഷീറ്റുകൾ | ഒക്ടോബർ. | ഗണിതാധ്യാപകർ | |
| 6. ചുറ്റളവ് | ചതുര രൂപങ്ങളുടെ ചുറ്റളവ് കണ്ടെത്തുന്നു. • വിവിധ രൂപങ്ങളെ മുറിച്ച് ചതുരങ്ങളാക്കി ആകെ ചുറ്റളവ് കണ്ടെത്തുന്നു. | നവംബർ ഡിസംബർ | | |
| 7. ഗുണനവും ഗുണിതങ്ങളും. | മൂന്നക്കസംഖ്യയെ രണ്ടക്കസംഖ്യകൊണ്ടുള്ള ഹരണം. – പൊതുഘടകം കണ്ടെത്തിയുള്ള ഹരണം. | ജനുവരി | ഗണിതാധ്യാപകർ | |

# UP- Basic Science.

| പദ്ധതി / ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല. |
|---|---|---|---|
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള താല്പര്യം വളർത്തുന്നതിനും പ്രകൃതിയെ പാഠപുസ്തകമാക്കുന്നതിനുള്ള മനോഭാവം വളർത്തുന്നതിനും സാധിക്കുക. | പച്ചക്കറിത്തോട്ടം, ഔഷധത്തോട്ടം, കാവ്, ഫലവൃക്ഷത്തോട്ടം എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ജൈവവൈവിധ്യ ഉദ്യാന നിർമ്മാണം. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ |
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയുന്നു. | നിത്യേന ഉപയോഗിക്കുന്ന വിവിധ പദാർത്ഥങ്ങളുടെ രാസഭൗതിക സ്വഭാവങ്ങൾ തിരിച്ചറിഞ്ഞ് അവയെ ഉപയോഗപ്പെടുത്തുന്നു. *പരീക്ഷണങ്ങൾ (Acid, Base) | July. | ശാസ്ത്രാധ്യാപകർ |

| | | | |
|---|---|---|---|
| ശാസ്ത്രപ്രക്രിയാശേഷി വികസിപ്പിക്കുക. | * പരീക്ഷണ കിറ്റുകളുടെ നിർമ്മാണം<br>* പരീക്ഷണക്കുറിപ്പുകളുടെ ശേഖരണം.<br><br>__പ്രോജക്ടുകൾ__<br>വിവിധതരം പ്രകൃതിദത്ത സൂചകങ്ങൾ നിർമ്മിച്ച് acid, alkali എന്നിവയെ തിരിച്ചറിയുന്ന വിധം ഒരു ചെറിയ project ആയി അവതരിപ്പിക്കുന്നു.<br><br>__ശാസ്ത്ര വിസ്മയച്ചുമർ__<br>ശാസ്ത്രപാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | August.<br><br>August മുതൽ March വരെ. | ശാസ്ത്രാധ്യാപകർ |

| | | | |
|---|---|---|---|
| ആഹാരം ആരോഗ്യത്തിന് ശാസ്ത്രീയ അടിത്തറ വളർത്തൽ, സഹകരണാത്മക പഠനരീതി. | Role play. [വിവിധ പോഷകങ്ങൾ. ആൽബം തയ്യാറാക്കൽ. നല്ല ആഹാര ശീലങ്ങൾ സമീകൃതാഹാര ചാർട്ട്. | ഒക്ടോബർ | ശാസ്ത്രാധ്യാപകർ |
| ഒന്നിച്ചു നിൽക്കാം. പ്രകൃതി സ്നേഹം വളർത്താൻ സഹായിക്കുന്നു. പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. | ഫീൽഡ് ട്രിപ്പ്, പൂന്തോട്ട സന്ദർശനം, കുറിപ്പ് തയ്യാറാക്കൽ ചർച്ച. പ്രകൃതി സംരക്ഷണ ലഘുലേഖകൾ തയ്യാറാക്കൽ. | നവംബർ | ശാസ്ത്രാധ്യാപകർ |
| ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ICT യുടെ സഹായത്തോടെ ശാസ്ത്രവിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം. | ശാസ്ത്രാധ്യാപകർ |

# UP - Social Science

| പദ്ധതി / ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | പിന്തുണകൾ |
| --- | --- | --- | --- | --- |
| 1) സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനപര അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട മുന്നറിവ് പരിശോധന<br>→ നദികൾ<br>→ ഭൂപ്രകൃതികൾ<br>→ സ്ഥലങ്ങൾ<br>→ വൈവിധ്യങ്ങൾ | അക്കാദമികവർഷാരംഭം (ജൂൺ) | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു.<br>→ ചിത്രാവിഷ്കാരം<br>→ ചരിത്രക്വിസ് തയ്യാറാക്കൽ<br>→ പതിപ്പ് തയ്യാറാക്കൽ | ജൂൺ - ജൂലൈ | സാമൂഹ്യശാസ്ത്ര അധ്യാപകർ<br>സാമൂഹ്യശാസ്ത്രക്ലബ്ബ് | |

| പദ്ധതി ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | പിന്തുണകൾ |
|---|---|---|---|---|
| 3) മാനവികമൂല്യങ്ങളെ കുറിച്ചും, ഭരണഘടനാ മൂല്യങ്ങളെക്കുറിച്ചും അവബോധം നേടിയെടുക്കൽ | → സ്വാതന്ത്ര്യസമര ചരിത്രം തയ്യാറാക്കൽ<br>→ സ്വാതന്ത്ര്യസമര സേനാനികളെ പരിചയപ്പെടൽ<br>→ ഗാന്ധിജിയുടെ ഇന്ത്യയിലേക്കുള്ള തിരിച്ചുവരവ്, സ്വാതന്ത്ര്യസമരത്തിന് നേതൃത്വം നൽകൽ (Time line)<br>→ ഭരണഘടന തയ്യാറാക്കലിനെക്കുറിച്ചുള്ള കുറിപ്പ്<br>→ ക്വിസ്<br>→ പോസ്റ്റർ നിർമ്മാണം | ആഗസ്റ്റ് | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 4) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തൽ, ജനാധിപത്യ സംവിധാനത്തിലെ വിവിധ ഘട്ടങ്ങൾ തിരിച്ചറിഞ്ഞ് അവയിൽ പങ്കാളികളാകുക | വിദ്യാലയത്തിൽ നിന്ന് അറിഞ്ഞതെങ്ങനെ<br>→ ഗ്രാമസഭയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുക്കൽ<br>→ സ്കൂൾ - പാർലമെന്റ് ഇലക്ഷൻ<br>→ പ്രസംഗം | സെപ്റ്റംബർ - ഒക്ടോബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ<br>സാമൂഹ്യശാസ്ത്ര ക്ലബ്ബ് | |

| പഠന ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | പിന്തുണകൾ |
|---|---|---|---|---|
| 5) ഭൂപടവായന ശേഷി വളർത്തൽ, ഭൂപടം അറ്റ്ലസ്, ഗ്ലോബ് നിർമ്മാണം | → ഭൂപട നിർമ്മാണം<br>→ ഗ്ലോബ് നിർമ്മാണം<br>→ ജില്ലകളുടെ ID കാർഡ് നിർമ്മാണം<br>→ ചിഹ്നങ്ങളെ പരിചയപ്പെടൽ<br>→ Jingo Puzzle<br>→ ക്വിസ് തയ്യാറാക്കൽ<br>→ പ്രശ്നോത്തരി | നവംബർ - ഡിസംബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 6) പ്രകൃതിദുരന്തങ്ങളെക്കുറിച്ച് ധാരണ നൽകി രക്ഷാപ്രവർത്തനങ്ങളിൽ പങ്കുചേരാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു | പ്രകൃതിദുരന്തം: - നേർക്കാഴ്ച<br>→ ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ് വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ നിവാരണത്തെക്കുറിച്ച് മനസ്സിലാക്കുകയും, രക്ഷാപ്രവർത്തനങ്ങളിൽ പങ്കുചേരുന്നതിനുള്ള ബോധവത്കരണം നടത്തുകയും ചെയ്യുന്നു | അക്കാദമിക് വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ<br>സാമൂഹ്യശാസ്ത്ര ക്ലബ്ബ് | |

| പദ്ധതി/ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | പിന്തുണകൾ |
|---|---|---|---|---|
| 7) സഹജീവികളോടുള്ള സ്വഭാവം വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു | പ്രകൃതിദുരന്ത ബാധിത പ്രദേശങ്ങൾ സന്ദർശനം<br>→ വിഭവശേഖരണത്തിന്റെ ഭാഗമായി സമ്പാദ്യശീലം വളർത്തിയെടുക്കൽ<br>→ സഹജീവികളോടുള്ള കരുതൽ | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ<br>സാമൂഹ്യശാസ്ത്രക്ലബ്ബ് | |
| 8) വിവരവിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും, റോഡ് സുരക്ഷയെക്കുറിച്ചുമുള്ള ബോധവത്കരണം. | → റോഡ് നിയമങ്ങൾ<br>→ റോഡ് സുരക്ഷ<br>→ സൈബർ കുറ്റകൃത്യം<br>→ റോഡ് നിയമങ്ങൾ<br>→ പ്ലക്കാർഡ്<br>→ ബോധവത്കരണക്ലാസ് | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ<br>സാമൂഹ്യശാസ്ത്രക്ലബ്ബ് | |
| 9) സുസ്ഥിരവികസനം: കാവ്യചാട് സൃഷ്ടിക്കണം | → Field trip<br>→ റിപ്പോർട്ട് തയ്യാറാക്കൽ<br>→ ചോദ്യോത്തരവേളകൾ | അക്കാദമിക വർഷം | | |

എം. ജി. എം. എ. പി. എസ്. തൊട്ടിക്കാനം.

കുട്ടികളിൽ വികസിക്കേണ്ട പൊതുധാരണകൾ
3-6-2025 മുതൽ 13-6-2025 വരെ
സ്കൂളിൽ നടത്തിയ പ്രവർത്തനങ്ങളുടെ റിപ്പോർട്ട്.

3-6-2025

'സ്കൂളിനെ അറിയുക' എന്ന വിഷയവുമായി ബന്ധപ്പെട്ട് 1 മുതൽ 4 വരെ ക്ലാസുകളിലെ കുട്ടികൾക്ക് അധ്യാപകർ ക്ലാസെടുത്തു. കുട്ടികൾക്ക് ചുറ്റും അറിയാനും സൗഹൃദം സ്ഥാപിക്കാനും, വിദ്യാലയത്തെയും അതിലെ സൗകര്യങ്ങളെയും പരിചയപ്പെടുത്തുവാനും, അവധിക്കാല അനുഭവങ്ങൾ പങ്കുവെക്കുവാനും ഈ പരിപാടിയിലൂടെ സാധിച്ചു.

UP ക്ലാസുകളിൽ ലഹരിവിരുദ്ധ ക്ലാസ് നടത്തി. സ്കൂൾ ഹെഡ്മിസ്ട്രസ് ഷീല ചാക്കോ ലഹരിയുടെയും മൊബൈൽ ഫോണിന്റെയും ദോഷവശങ്ങളെപ്പറ്റി ക്ലാസ് നടത്തി. ലഹരി വ്യക്തി ജീവിതത്തിലും സമൂഹത്തിലും വരുത്തുന്ന ആരോഗ്യ പ്രശ്നങ്ങൾ സാമൂഹിക പ്രശ്നങ്ങൾ എന്നിവയെപ്പറ്റി കുട്ടികളെ ബോധവാന്മാരാക്കി. ലഹരി ഉപയോഗം തടയേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും ലഹരി വിമുക്ത സമൂഹം കെട്ടിപ്പടുക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും ബോധവത്കരണം നടത്തി. കുട്ടികൾ ലഹരി വിരുദ്ധ പോസ്റ്റർ തയ്യാറാക്കി.

4/6/2025

ജൂൺ നാലാം തിയതി റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ LP UP സെക്ഷനുകളിൽ നടത്തുകയുണ്ടായി. റോഡിലൂടെ നടക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, റോഡ് സുരക്ഷ തുടങ്ങിയവയെ കുറിച്ചുള്ള ക്ലാസുകൾ നടത്തി. UP ക്ലാസുകളിൽ ജോഷ് സാർ ക്ലാസുകൾ നടത്തി. സ്കൂൾ വാഹനങ്ങളിൽ കയറുമ്പോഴും ഇറങ്ങുമ്പോഴും ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചും ക്ലാസുകൾ നടത്തി. ട്രാഫിക് നിയമങ്ങൾ കുട്ടികളെ ബോധവാന്മാരാക്കുന്നതിനുവേണ്ടി മോക് ഡ്രിൽ നടത്തി.

5/6/2025

ശുചിത്വത്തെക്കുറിച്ച് UP ക്ലാസുകളിൽ അധ്യാപിക ഷിജി. K. K. യും L.P ക്ലാസുകളിൽ സൗമ്യ M.K യും ക്ലാസ് എടുത്തു. വ്യക്തി ശുചിത്വത്തോടൊപ്പം, പരിസര ശുചിത്വവും സ്കൂളും പരിസരവും ക്ലാസ് മുറിയും വീടും പൊതു ഇടങ്ങളുമെല്ലാം ശുചിത്വത്തോടെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെ പറ്റി കുട്ടികളെ ബോധവാന്മാരാക്കി. പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട് മരം നടീലും വിവിധ പരിപാടികളും സംഘടിപ്പിച്ചു.

9/6/25 'പൊതു ആരോഗ്യം' എന്ന വിഷയത്തിൽ
ശ്രീമതി വിൻസി പോൾ U.P. ക്ലാസുകളിലെ
കുട്ടികൾക്കായി ക്ലാസ് നടത്തി. കുട്ടികളുടെ ശാരീരികവും
മാനസികവുമായ ആരോഗ്യത്തെക്കുറിച്ച്, ആരോഗ്യശീല
ങ്ങൾ, പോഷകാഹാരം, നല്ല ഭക്ഷണ ശീലങ്ങൾ
എന്നിവയെക്കുറിച്ച് ബോധവാന്മാരാക്കി.
പോഷക ഗുണമുള്ള ഭക്ഷണങ്ങൾ കഴിക്കേണ്ടതിന്റെ
ആവശ്യകതയെപ്പറ്റിയും ശരിയായ വ്യായാമങ്ങളെക്കുറി
ച്ചും ചർച്ച നടത്തി.

10/6/25 ഡിജിറ്റൽ അച്ചടക്കം എന്ന വിഷയത്തെ
ക്കുറിച്ച് എൽ.പി, യു.പി. സെക്ഷനുകളിൽ ക്ലാസുകൾ
സംഘടിപ്പിച്ചു. ഡിജിറ്റൽ ഉപകരണങ്ങൾ ഉപയോഗി
ക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് കുട്ടിക
ളെ ബോധവാന്മാരാക്കി. ഇവ മൂലം ഉണ്ടെങ്കിലും അ
ള്ള ദോഷമായ അനുഭവങ്ങൾ ഉള്ളൽ അധ്യാപ
[illegible]യിക്കുന്നതിനാവശ്യമായ നിർദേശങ്ങൾ നൽകി.
വയോടൊപ്പം കലാകായിക പ്രവർത്തനങ്ങ
ളിൽ ഏർപ്പെടുമ്പോൾ ~~[illegible]~~ ഉണ്ടാകു
മാനസിക ഉല്ലാസത്തെപ്പറ്റിയും ആവശ്യകതയെപ്പറ്റി
ച്ച ചെയ്തു.

ലഹരി വിരുദ്ധ പ്രവർത്തന...ങ്ങളുടെ ഭാഗമായി ചെറു വ്യായാമങ്ങൾ, ...സുംബാ ഡാൻസ് എന്നിവ കുട്ടികൾക്ക് ...പരിശീലനം നൽകുന്നു. എല്ലാ കുട്ടിക...ളും ഈ പ്രവർത്തനങ്ങളിൽ ഉത്സാഹ...ത്തോടെ പങ്കെടുക്കുന്നു.

റോഡ് സുരക്ഷയുമായി ബന്ധപ്പെ...ട്ട് ക്യാമ്പയിൻ നടത്തി. സ്കൂൾ ബസിൽ ...കയറുമ്പോഴും ഇറങ്ങുമ്പോഴും ശ്രദ്ധിക്കേണ്ട ...കാര്യങ്ങളെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കി. ...ചാത്തൻപാറ പോലീസ് സ്റ്റേഷനിലെ ...കോൺസ്റ്റബിൾ ഉബീഷ് സാർ കുട്ടികൾക്ക് ...റോഡ് സുരക്ഷയെപ്പറ്റിയും ലഹരി വിരുദ്ധ ...ബോധവത്കരണ ക്ലാസും എടുത്തു. ...കുട്ടികൾക്ക് വളരെ ഉത്സാഹത്തോടെ ...പങ്കെടുക്കാൻ സാധിക്കുന്ന . തരത്തിലുള്ള ...ക്ലാസ്സായിരുന്നു ഇത്.